ഉത്തരം.

(എ) ഒല്ലൂർപഞ്ചായത്തിൽ നിന്നും ഒരു അപേക്ഷ ഡയറക്ടർ ഓഫ് ലോക്കൽബോഡീസിനു കിട്ടിയിട്ടുണ്ട്.

(ബി) പഞ്ചായത്തിന്റെ അപേക്ഷയെപ്പറ്റി അന്വേഷണം നടത്തിവരുന്നു.

മലയാളം ലക്ചറിക്കൻ ആഫീസിലെ ഉദ്യോഗസ്ഥന്മാർ.

381. [9] ശ്രീ. എം. കുഞ്ഞുകൃഷ്ണൻനാടാർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

മലയാളം ലക്ചറിക്കൻ ആഫീസിലെ ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക നൽകാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ ?

ഉത്തരം.

പട്ടിക താഴെ കൊടുക്കുന്നു.

1.	ബ്രാഹ്മണൻ	....	....	1
2.	നായന്മാർ	....	....	29
3.	ക്രിസ്ത്യാനികൾ	....	....	5
4.	ഈഴവർ	....	....	5
5.	മുസ്ലീങ്ങൾ	....	....	2
6.	പുലയർ	....	....	2
7.	വാര്യർ	....	....	1
8.	കുറുക്കൾ	....	....	1
9.	പുഷ്പകർ	....	....	1
10.	വിശ്വകർമ്മാ	....	....	1
11.	നാടാർ	....	....	1

BUSSINESS OF THE HOUSE.

ശ്രീ. പി. ടി. ചാക്കോ: സർ, അങ്ങയുടെ ശ്രദ്ധയിൽ ഒരു പ്രധാനപ്പെട്ട കാര്യം കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഇന്നച്ചു കഴിഞ്ഞു നിയമസഭ സമ്മേളിക്കുന്നതായി അജൻഡായിലുണ്ടു്. കഴിഞ്ഞ രണ്ടുദിവസത്തെ നിയമനിർമ്മാണ നടപടികൾക്കുള്ള സമയം കാമ്പൻസേറ്റുചെയ്യുന്നതിനായി ഉച്ചകഴിഞ്ഞു വയ്ക്കാമെന്നാണു് സഭ സമ്മതിച്ചിട്ടുള്ളതു്. അങ്ങനെ കാമ്പൻസേറ്റു ചെയ്യുന്നതിനുവേണ്ടി ഇരിക്കേണ്ടതു് എട്ടു മണിക്കൂറാണു്. അതിനു രണ്ടുദിവസം ഇരുന്നുകഴിഞ്ഞു. ഞങ്ങൾ കഴിഞ്ഞയാഴ്ച ഞങ്ങളുടെ പരിപാടികളൊക്കെ മാറ്റിവച്ചു് ഉച്ചകഴിഞ്ഞു് ഇരിക്കാൻ തയ്യാറായി വന്നപ്പോൾ ഉച്ചകഴിഞ്ഞുള്ള സെഷൻ ഇല്ല എന്നുള്ള വിവരം അറിഞ്ഞു. ഞങ്ങൾസ്ത്രീകൾ കൂടികളെപ്പോലെയോ, കാൺസൻട്രേഷൻ ക്യാമ്പിൽക്കഴിയുന്ന സ്ത്രീകളെപ്പോലെയോ ഉള്ളവരാണെന്നു കരുതുന്നതു വളരെ ക്ഷോഭകരമാണു്. ഞങ്ങൾക്കും ചില പരിപാടികളൊക്കെയുണ്ടു്. ഉച്ചകഴിഞ്ഞു ഇരിക്കുന്നതിനുകൂടി തയ്യാറായിട്ടാണു് ഞങ്ങൾ വന്നതു്. പക്ഷേ ഇവിടെവന്നപ്പോൾ എന്തുകാരണംകൊണ്ടോ, എന്തുകൊണ്ടാണെന്നു അറിയുമെങ്കിലും പറയുന്നില്ല, ഉച്ചകഴിഞ്ഞുള്ള സെഷൻ മാറ്റിവച്ചിരിക്കുന്നതായി അറിഞ്ഞു. ഇന്നച്ചു കഴിഞ്ഞു സെഷൻ വച്ചിരിക്കുകയാണു്. ഇന്നു ഉച്ചകഴിഞ്ഞു് ഞങ്ങൾ ചില പരിപാടികൾ വച്ചിട്ടുണ്ടു്. ഇന്നച്ചുയും തുടർന്നിരിക്കണമെന്നു് ഇന്നലെ

9 a. m.]

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

രാത്രിയിൽമാത്രമാണ് ഞങ്ങൾക്കറിയാൻ ഇടയായത്. ഇത് ആരോടും ആലോചിക്കാതെ, ചിലരുടെ പരിപാടികൾ സുഗകര്യമായി നടത്തണം, മറ്റുള്ളവരുടെ പരിപാടികൾ നടത്തുന്നതിനു് അസൗകര്യമുണ്ടായാലും തരക്കേടില്ല, മറ്റുള്ളവർ അറിയാതെതന്നെ അതു നടത്തണമെന്നു് കരുതി അങ്ങനെ വച്ചു എന്നുള്ളതായിരിക്കും ഫലം. ഉച്ചകഴിഞ്ഞു സെഷൻ തുടർന്നു നടത്തുന്നതാണെന്നു നേരത്തെ നോട്ടീസ് തരാതെ ഇങ്ങനെ ഒരു മാറ്റം വരുത്തി വച്ചിരിക്കുന്നതു് വളരെ സങ്കടകരമാണു്. ഇന്നുച്ചകഴിഞ്ഞുള്ള സെഷനു് ഞങ്ങൾക്കു് ഹാജരാകാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഇന്നലെ രാത്രിയിലാണു് ഇന്നു്, മൂന്നു മുതൽ അഞ്ചരമണിവരെ ഇരിക്കണമെന്നുള്ള നോട്ടീസ് കിട്ടിയിട്ടുള്ളതു്. ശനിയാഴ്ച പറയാമായിരുന്നു, ഇന്നുച്ചകഴിഞ്ഞു ഇരിക്കണമെന്നുള്ള കാര്യം. അങ്ങനെ അംഗങ്ങളുമായി ഒരു പൊതു ആലോചനയോടുകൂടിയല്ലാതെ രാവിലെ വരുമ്പോൾ നോട്ടീസ് തരിക, നാളെ ഉച്ചകഴിഞ്ഞു സെഷൻ തുടർന്നിരിക്കുന്നതാണെന്നു്. എനിക്കാണെങ്കിൽ ഇന്നുച്ചകഴിഞ്ഞു രണ്ടുമണിക്കു് പ്രത്യേകിച്ചു് ഒരു ആവശ്യത്തിനായി പോകേണ്ടതായുണ്ടു്. ഇങ്ങനെ ഓർക്കാപ്പുറത്തു നോട്ടീസു തരുന്നതുകൊണ്ടു് വളരെ വിഷമങ്ങളുണ്ടു്. ശനിയാഴ്ച ഉച്ചയ്ക്കുമേൽ പല ആവശ്യക്കാർക്കും ഒക്കുകയില്ലെന്നറിയാമായിരുന്നു. അതുകൊണ്ടു് മേലാലും രണ്ടോമൂന്നോ ദിവസംമുമ്പേ ഞങ്ങളെ അറിയിക്കാതെകണ്ടു ഇങ്ങനെ ഇരിക്കണമെന്നു പറഞ്ഞാൽ വളരെ വിഷമമാണു്. ഞങ്ങൾക്കു് പലർക്കും പലതും ചെയ്യേണ്ടതായിട്ടുണ്ടു്. ഇങ്ങനെ ഞങ്ങളിൽ പലർക്കും പലതും പറയാൻ സാധിക്കും. അതുകൊണ്ടു് ഞാൻ ഈ സംഗതി കാര്യമായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇന്നു ഞങ്ങളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി വച്ചിരിക്കുകയാണു്. ആ നിലയ്ക്കു് ഇന്നും നാളെയും ഉച്ചകഴിഞ്ഞുള്ള സിറ്റിംഗ് ഉണ്ടോ എന്നറിയണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഭാതലത്തിൽ മെമ്പറന്മാർക്കു് എല്ലാവർക്കും തന്നെ ഇൻസിനുവേഷൻ ഇഷ്ടമാണെന്നുണ്ടെങ്കിൽ എനിക്കതിൽ പരാതിയില്ല. മറ്റുള്ളവരെപ്പോലെ പ്രതിപക്ഷ നേതാവുതന്നെ ഈ കാര്യത്തെപ്പറ്റി പരാമർശിച്ചപ്പോൾ ഞങ്ങൾ സ്കൂൾകുട്ടികളല്ല, കാൺസൻട്രേഷൻ ക്യാമ്പിലെപ്പോലെ സ്ലേവ്സ് അല്ല എന്നു പറയുകയുണ്ടായി. ഈ മാതിരിയുള്ള ആരോപണങ്ങൾ അദ്ദേഹത്തെപ്പോലെയുള്ള ആളുകൾ ചെയ്യാമോ എന്നു് അദ്ദേഹം തന്നെ തീരുമാനിക്കേണ്ട കാര്യമാണു്. കഴിഞ്ഞ നിയമസഭാ സമ്മേളനം നീട്ടിവച്ച അവസരത്തിൽ അതു കാമ്പൻസേറ്റ ചെയ്യാൻവേണ്ടി ഉച്ചകഴിഞ്ഞുള്ള സെഷൻ നടത്താമെന്നുള്ളതല്ലാതെ ആ ആഴ്ചയിൽ തുടർന്നു നടത്താമെന്നു ഈ സഭയിൽ ഞാൻ പ്രസ്താവിച്ചില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പോലെയുള്ള ആളുകൾ ഈ സഭയേയും ബാക്കിനാട്ടിലുള്ള ആളുകളേയും തെറ്റിദ്ധരിപ്പിക്കത്തക്ക തരത്തിൽ ഇങ്ങനെ കഴിഞ്ഞയാഴ്ചയിൽ ഉച്ചകഴിഞ്ഞുള്ള ദിവസങ്ങളിൽ സെഷൻ വച്ചിട്ടുള്ളതായി ഇവിടെ തീരുമാനിച്ചു എന്നു പ്രസ്താവിച്ചതു വളരെ തെറ്റായിപ്പോയി എന്നും ഏറ്റവും ലഘുവായ രീതിയിൽ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. നേരെ മറിച്ചു രണ്ടുദിവസം കഴിഞ്ഞു ഈ നഷ്ടപ്പെട്ട മണിക്കൂറുകൾ കാമ്പൻസേറ്റ ചെയ്യുന്നതിനു് ഉച്ചകഴിഞ്ഞു സെഷൻ നടത്തണമെന്നുണ്ടെങ്കിൽപ്പോലും അതു തീരുമാനിക്കുന്നതിനുള്ള അധികാരം എനിക്കുണ്ടു്. ഇതു് ആരേയും പ്രത്യേകമായി സഹായിക്കാൻ വേണ്ടിയോ, ആരേയും പ്രത്യേകമായി ദ്രോഹിക്കാൻ വേണ്ടിയോ അല്ല. അങ്ങനെയുള്ള ധ്വനികളെ ഞാൻ വളരെ ശക്തിയായി നിഷേധിക്കുകയാണു്. അങ്ങനെയുള്ള ധ്വനികൾ ഈ സഭാതലത്തിൽ പ്രയോഗമരുതു് എന്നു് ഞാൻ അപേക്ഷിക്കുകയാണു്. പിന്നെ ഏതെങ്കിലും പ്രത്യേക കാരണവശാൽ ഇന്നുച്ചയ്ക്കുള്ള സെഷൻ മാറ്റിവയ്ക്കണം എന്നുള്ളതാണെങ്കിൽ അതു പരിഗണിക്കപ്പെടുന്നതാണു്. അതിനു പരിഹാരം ഉണ്ടാക്കാവുന്നതാണു്. പക്ഷെ അതല്ല ആവശ്യം എന്നു തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അവശ്യം അതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ചാഴിക്കാടനു അവശ്യമതായിരിക്കാം. ഇന്നും പ്രതിപക്ഷനേതാവ് പറഞ്ഞു, ഞാൻ ഈവക കാര്യങ്ങളിൽ, മറ്റുള്ളവരുമായി ആലോചന നടത്തേണ്ട കാര്യം ഔപചാരികമായിട്ടില്ലെങ്കിലും, മര്യാദയ്ക്കുവേണ്ടിയെങ്കിലും ആലോചന നടത്തുന്നില്ല എന്നു. ഇതു പറയുമ്പോൾ ചില സത്യങ്ങൾ ബഹുമാനപ്പെട്ട ഈ സഭയെ വിശ്വസിപ്പിക്കുന്നതിനുവേണ്ടി എനിക്കു പറയേണ്ടതായിട്ടുണ്ട്. ബഹു: പ്രതിപക്ഷനേതാവിനോട് കൺസൾട്ട ചെയ്യേണ്ട അവശ്യമില്ലാത്ത കാര്യങ്ങളിൽപോലും ഇതുവരെ കൺസൾട്ട ചെയ്തുകൊണ്ടുതന്നെയാണിരിക്കുന്നതു. പക്ഷെ ഈ ലജിസ്ലേച്ചർ സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാർ മുഖാന്തരവും കത്തുമുഖാന്തരവും പ്രതിപക്ഷനേതാവിനെ ആലോചനയ്ക്കായി വിളിച്ചിട്ട് വരാൻ അദ്ദേഹത്തിനു സന്മനസ്സുണ്ടായില്ല. ഇങ്ങനെ സഹായാത്മകമല്ലാതിരിക്കുന്ന അവസരത്തിൽ ഞാനെന്തിനാണു കൺസൾട്ടു ചെയ്യേണ്ടിവരുമല്ലോ എന്നു വിചാരിച്ചുമാത്രം പ്രതിപക്ഷനേതാവുമായി ഈ കാര്യം ഔപചാരികമായി ഉന്നയിച്ചില്ല എന്ന സത്യം ഈ സഭയെ അറിയിക്കുകമാത്രമാണു. ബഹു: പ്രതിപക്ഷ നേതാവിന്റെ അടുക്കൽ അനൗപചാരികമായി ഏതുകാര്യവും ടൈം അൾട്ടിമേഷനോ, മറ്റേതെങ്കിലുമോ ആണെങ്കിൽത്തന്നെയും കൺസൾട്ട ചെയ്യാതെ ഒരിക്കലും ഇരുന്നിട്ടില്ല. എന്നാൽ ഈ അടുത്ത അവസരത്തിൽ അദ്ദേഹത്തിന്റെ വിരോധമനസ്ഥിതി കാരണം പിന്നെയും ഞാൻ നാണംകെടണം എന്നാണെങ്കിൽ, അതു ഇന്നു ഉച്ചയ്ക്കു ശേഷമുള്ള സഭാനടപടികൾ ഏതെങ്കിലും മെമ്പർക്കു വേണ്ടാ, അതു മാറ്റിവയ്ക്കണം എന്നാണെങ്കിൽ മാറ്റിവയ്ക്കുന്നതിനു യാതൊരു വിരോധവുമില്ല.

ശ്രീ. പി. ടി. ചാക്കോ: എന്നെ വ്യക്തിപരമായി പരാമർശിച്ചതുകൊണ്ടു് എനിക്കും രണ്ടു വാക്കു പറയുവാൻ അവകാശമുണ്ടു്.

മി. സ്പീക്കർ: പറയാം.

ശ്രീ. പി. ടി. ചാക്കോ: ഒരുദ്ദേശത്തോടുകൂടിയല്ല ഞാൻ പറഞ്ഞതു്. കഴിഞ്ഞ ദിവസം എല്ലാവരും തിരിച്ചുവന്നു കഴിഞ്ഞിട്ടു്, ഉച്ചയ്ക്കു സെഷൻ നടന്നുവരവെ മൂന്നാമത്തെ ദിവസം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്പെഷ്യൽ കമ്മിറ്റി ഇവിടെ കൂടിയതുകൊണ്ടു് ഉച്ചക്കലത്തെ സെഷൻ മാറ്റിവച്ചു. അങ്ങനെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്പെഷ്യൽ കമ്മിറ്റിയിൽ ഇവിടെയുള്ള പാർട്ടി അംഗങ്ങൾക്കു് സംബന്ധിക്കുവാനുള്ള സൗകര്യത്തിനുവേണ്ടി മാറ്റിവച്ചു എന്നുള്ള കാര്യം ഞാൻ ഇവിടെ പറഞ്ഞില്ലെന്നേയുള്ളൂ. അതാക്ഷേപിക്കേണ്ട കാര്യമില്ല. അങ്ങിനെ കഴിഞ്ഞയാഴ്ച ഉച്ചയ്ക്കുശേഷം സെഷൻ കൂടണമെന്നുള്ള കാര്യം മാറ്റി വയ്ക്കുന്നതിനെ സംബന്ധിച്ചും ഈ ആഴ്ചയിൽ ഉച്ചയ്ക്കുശേഷം സെഷൻ തുടർന്നു നടന്നതിനെ സംബന്ധിച്ചും ഞങ്ങളോടു് ഒന്നാലോചിക്കണമെന്നും അങ്ങനെ ആലോചിക്കാതെ അജൻഡായിൽ ഉൾപ്പെടുത്തിയതുകൊണ്ടു് ഞങ്ങളെ സ്ത്രീകളെയോ കാൺസൻട്രേഷൻ ക്യാമ്പിലെ അടിമകളെയോ പോലെ വിചാരിക്കുകയാണെങ്കിൽ ഖേദകരമാണെന്നുമാണു് ഞാൻ പറഞ്ഞതു്. ആലോചന നടത്താൻവേണ്ടി ഒരു തവണ എഴുത്തു കൊടുത്തയച്ചു. പക്ഷേ പോയില്ല. എഴുത്തു കൊണ്ടുവന്ന അടിനോടു് എന്തിനുവേണ്ടിയാണെന്നു് ആവർത്തിച്ചു ചോദിച്ചിട്ടു് യാതൊരു മറുപടിയും കിട്ടിയില്ല. അതു നിയമസഭാ സംബന്ധമായ കാര്യങ്ങൾക്കു അയിരുന്നില്ല എന്നു് എനിക്കു നിശ്ചയമുണ്ടു്. അതുകഴിഞ്ഞു് സ്പീക്കറെ അന്നുതന്നെ ഞാൻ കണ്ടു. അന്നു ക്ഷണിച്ചിരുന്നതു നിയമസഭാ നടപടികൾ സംബന്ധമായ കാര്യങ്ങൾക്കായിരുന്നില്ല. അന്നു ഞാൻ പോയില്ല എന്നുള്ളതുകൊണ്ടു് യാതൊരു തരക്കേടുമില്ല. നിയമസഭാ നടപടികൾ സംബന്ധിച്ച കാര്യമാലോചിക്കണമെന്നു് പറഞ്ഞിട്ടുള്ളതിനു് ഇന്നുവരെ യാതൊരാലോചനയ്ക്കും സ്പീക്കർ പറയുന്ന സ്ഥലത്തു ചെല്ലാതെയിരുന്നിട്ടില്ല. ഇതിൽ ഇൻസിനുവേഷൻ ഒന്നുമില്ല എന്നു ഞാൻ സ്പീക്കറെ അറിയിക്കുകയാണു്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

പാർട്ടിയുടെ സൗകര്യത്തിനുവേണ്ടി സഭാനടപടികൾ മാറ്റിവയ്ക്കുകയും മറ്റുള്ളവരുടെ അസൗകര്യം പരിഗണിക്കാതെ സഭ ഉച്ചയ്ക്കുശേഷം തുടരാൻ തീരുമാനിക്കുകയും ചെയ്തതുകൊണ്ടുള്ള ബുദ്ധിമുട്ട് സ്പീക്കറുടെ ശ്രദ്ധയിൽ കൊണ്ടുവരാൻവേണ്ടി ഞാൻ മിതമായ രീതിയിൽ ഒരു പ്രസ്താവന ചെയ്തതാണ്. ഞാൻ അങ്ങനെ ഇൻസിനുവേഷൻ കൊണ്ടുവരണമെന്നു ഉദ്ദേശിക്കുന്നില്ല. പിന്നെ വല്ലപ്പോഴും ഉണ്ടായിട്ടുണ്ടെന്നു ബഹു: സ്പീക്കർ തോന്നിയിട്ടുണ്ടെങ്കിൽ എനിക്കതു ചോദ്യം ചെയ്യാൻ പാടില്ല എങ്കിലും എനിക്കഭിപ്രായവ്യത്യാസമുണ്ട്. ധാരാളം ശക്തിയായ അഭിപ്രായവ്യത്യാസങ്ങളുള്ള കാര്യങ്ങളുണ്ട്. അതു വേണ്ട രീതിയിൽ ചർച്ചചെയ്യുന്നതിനു സമയം തരത്തക്കവിധം അതറിയിക്കുകയും ചെയ്തുകൊള്ളുന്നു.

Mr. Speaker: That is the proper thing to do. In such cases the hon. Leader of the Opposition very well knows the Parliamentary convention, practice, rule, etc. It is unfair to insinuate the Speaker. There is provision in the rules to remove an incompetent Speaker. No other time should be utilised to criticise the conduct of the Speaker. It is not becoming of an hon. member to allege that I was aware of the Communist Party Committee meeting or any other thing.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഞങ്ങളൊക്കെയറിഞ്ഞു.

Mr. Speaker: I did not know as a matter of fact. I had personal inconvenience. So I cancelled. It was not as a result of the Communist Party Committee meeting.

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇന്നുച്ചയ്ക്കുള്ള സമ്മേളനം മാറ്റിവയ്ക്കുന്നതിനു വിരോധമില്ല. കമ്മ്യൂണിസ്റ്റുകാരുടെ പാർട്ടി മീറ്റിംഗിനെപ്പറ്റി ഇവിടെ പറഞ്ഞു. ആഫ്റ്റർനൂൺ സെഷൻ നടക്കുന്ന അവസരത്തിൽ പാർട്ടിയുടെ മീറ്റിംഗ് ഉണ്ടായിരുന്നില്ല. രാവിലെയുള്ള സമയത്തു് പാർട്ടിയോഗമുണ്ടായിരുന്നു. അതിനു് ഈ അസംബ്ലിയോഗം നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഞാൻ പോയിട്ടുണ്ട്. വേറെ ചിലമെമ്പറന്മാരും പോയിട്ടുണ്ട്. അതുകൊണ്ടു് ആ ആവശ്യത്തിനുവേണ്ടി മാറ്റിവച്ചു എന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. മൂന്നുമണിമുതൽ അഞ്ചുമണിവരെ മീറ്റിംഗ് എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. മീറ്റിംഗ് കൂടിയിട്ടുള്ള സമയത്തു അസംബ്ലി കൂടിയിട്ടുള്ള സമയമാണെങ്കിൽത്തന്നെയും ഞങ്ങളിൽ ചിലർ പോയിട്ടുണ്ട്. അതുകൊണ്ടു് ആ ഇൻസിനുവേഷൻ തെറ്റുതന്നെയാണ്.

മറ്റൊന്നെനിക്കു പറയുവാനുള്ളതു് ഈ കാർഷികബന്ധ ബിൽ ഇതേ പ്രോഗ്രസ്സിൽത്തന്നെ നടത്തിയിരുന്നാലും 30-ാംതീയതിക്കുള്ളിൽ അവസാനിപ്പിക്കാം എന്നു തോന്നുന്നില്ല. ഈ യോഗത്തിൽവച്ചുതന്നെ തീർക്കണമെന്നുള്ളതു ഒഴിക്കാൻവയ്യാത്തതായിട്ടുള്ള ഒരാവശ്യവുമാണ്. അതുകൊണ്ടു്, ഒന്നോ രണ്ടോ മൂന്നോ ദിവസത്തെ നോട്ടീസു കൊടുത്തു ഇന്നുമുതൽ ഒരു മണിവരെക്കും, അതിനുശേഷം രാവിലെയും ഉച്ചയ്ക്കും കൂടിയിരിക്കുകയും അതിനുശേഷം ആവശ്യമുള്ളിടത്തോളം ഇതു് എക്സ്റ്റൻഡുചെയ്യുകയും ചെയ്യണമെന്നും ഞാൻ പൊതുവിൽ പറയുകയാണ്. അങ്ങനെ ഏഴാംതീയതിയോടുകൂടിയെങ്കിലും ആഫ്റ്റർനൂൺ സെഷൻകൂടി ഇരിക്കുകയാണെങ്കിൽ തീരുമെന്നു വിചാരിക്കുന്നു.

Mr. Speaker: On this point I will hold a meeting in my Chamber with the leaders of the parties and decide the matter.

LIBRARY ARCHIVES Kerala Legislative Assembly